# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം , കേരളം

**"ഭരണഭാഷ- മാതൃഭാഷ"**

നം. ഇ ഐ 1/6/2026-ഇലക്ഷൻ

ഇലക്ഷൻ (എക്സ്പെൻഡിച്ചർ & ഐ ടി ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 18-03-2026

## സർക്കുലർ

വിഷയം:- സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് 2026 – ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പായി നടത്തുന്നതിന് ജില്ലാ വരണാധികാരികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ 20-02-2026-ലെ ഇ.എൽ4/209/2025-ഇലക്ഷൻ നം. സർക്കുലർ.

2026-ലെ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് ഹരിത തിരഞ്ഞെടുപ്പായി നടത്തുന്നതിന് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. പ്രചാരണം മുതൽ തിരഞ്ഞെടുപ്പിന് ശേഷമുള്ള ശുചീകരണം വരെയുള്ള ഹരിത തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ജില്ലാ വരണാധികാരികളുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അനുബന്ധ ഏജൻസികളായ ക്ലീൻ കേരള കമ്പനി, കുടുംബശ്രീ മിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, കെ.എസ്.ഡബ്ല്യു.എം.പി എന്നിവരുടെ പങ്കാളിത്തത്തോടെ ഏകോപിപ്പിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ വരണാധികാരികൾ സ്വീകരിക്കേണ്ടതുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ജില്ലാതലത്തിൽ നടത്തേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ**

1. **ജില്ലാതല ഏകോപന സമിതി രൂപീകരിക്കൽ**

- ജില്ലാ വരണാധികാരികളുടെ അധ്യക്ഷതയിൽ ഹരിത തിരഞ്ഞെടുപ്പ് നടത്തിപ്പിനായി ഒരു ജില്ലാതല ഏകോപന സമിതി അടിയന്തിരമായി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
- അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, ജില്ലാ ജോയിന്റ് ഡയറക്ടർ - തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ

ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ കോ-കോർഡിനേറ്റർ (മാലിന്യ മുക്തം നവകേരളം), ക്ലീൻ കേരള കമ്പനി, കുടുംബശ്രീ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, കെ.എസ്.ഡബ്ല്യൂ.എം.പി എന്നീ സ്ഥാപനങ്ങളിലെ ജില്ലാ മേധാവിമാരെ സമിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

- ആയതിൽ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററെ ഹരിത നിയമസഭാ തിരഞ്ഞെടുപ്പ് നിർവ്വഹണത്തിനായുള്ള ജില്ലാതല നോഡൽ ഓഫീസറായി ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

2. **ജില്ലാ വരണാധികാരികൾ വിളിച്ച് ചേർക്കേണ്ട യോഗങ്ങൾ**

- രാഷ്ട്രീയ പാർട്ടികളുടേയും സംഘടനകളുടേയും ജില്ലാതല ഭാരവാഹികളുടെ യോഗങ്ങൾ
- പ്രചരണ സാമഗ്രികളുടെ പ്രിന്റർമാരുടെയും, ഡീലർമാരുടെയും സംഘടനകളുടെ ജില്ലാ ഭാരവാഹികളുടെ യോഗങ്ങൾ.
- ജില്ലാതല ഏകോപന സമിതിയുടെ പ്രതിവാര അവലോകന യോഗങ്ങൾ
- തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെ യോഗങ്ങൾ
- എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ യോഗങ്ങൾ.

3. **ജില്ലാ-തദ്ദേശ സ്വയംഭരണ സ്ഥാപനതല എൻഫോഴ്സ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കൽ**

- തിരഞ്ഞെടുപ്പ് പ്രചാരണം, അലങ്കാരം, റോഡ് ഷോകൾ, റാലികൾ, സമ്മേളനങ്ങൾ, സ്ഥാനാർത്ഥി സ്വീകരണം എന്നിവയിൽ ഹരിതചട്ട നിബന്ധനകൾ പാലിക്കാതിരിക്കുന്നവർക്ക് എതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതിന് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ആന്റി ഡിഫേഴ്സ്മെന്റ് സ്ക്വാഡ്, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവർക്ക് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും എൻഫോഴ്സ്മെന്റ് സ്ക്വാഡിലേക്ക് ആവശ്യാനുസരണം ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കൂടുതലായി നിയോഗിക്കേണ്ടതുമാണ്.
- നിരോധിത ഫ്ലെക്സ് ഉൽപ്പന്നങ്ങളും, ഡിസ്പോസബിൾ ഉൽപ്പന്നങ്ങളും സംസ്ഥാന അതിർത്തി കടന്ന് ജില്ലകളിലേക്ക് വരുന്നത് തടയുന്നതിന് മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന എല്ലാ ജില്ലകളിലും താൽക്കാലിക ചെക്ക് പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.
- പോലീസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ശുചിത്വ മിഷൻ, ജി.എസ്.ടി, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവരടങ്ങുന്ന സംയുക്ത സ്ക്വാഡ്

രൂപീകരിച്ചുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന ഉറപ്പാക്കേണ്ടതാണ്.

4. **ശക്തമായ പ്രചരണ പരിപാടികൾ**

- ശുചിത്വ മിഷൻ, കെ.എസ്.ഡബ്ല്യൂ.എം.പി, ഹരിതകേരളം മിഷൻ, പി.ആർ.ഡി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സ്വീപ് എന്നിവരെ ഏകോപിപ്പിച്ച് കൊണ്ട് പ്രചരണ പരിപാടികൾക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. ആയതിന്റെ ഏകോപന ചുമതല ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതാണ്.
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളിലും, എല്ലാ പരസ്യങ്ങളിലും, പ്രിന്റിംഗ് മെറ്റീരിയലുകളിലും ഹരിത തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.
- പി. ആർ. ഡി മുഖേന എഫ്. എം ചാനലുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, ഓൺലൈൻ ചാനലുകൾ, സോഷ്യൽ മീഡിയ എന്നിവിടങ്ങളിൽ പ്രചരണം നടത്തുന്നതിന് ജില്ലാ മേധാവിമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

5. **പരിശീലനം**

- തിരഞ്ഞെടുപ്പ് ചുമതലയിൽ വരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന പരിശീലനങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ നടത്തിപ്പ് സംബന്ധിച്ച വിഷയാവതരണം ഒരു പ്രത്യേക സെക്ഷനായി ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**ജില്ലാതലത്തിൽ തിരഞ്ഞെടുപ്പ് വേളയിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ**

1. **തിരഞ്ഞെടുപ്പ് നടത്തിപ്പിന് ആവശ്യമായ വസ്തുക്കൾ പ്രകൃതി സൗഹൃദമാക്കൽ**
    - തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ഐഡി കാർഡുകൾ പേപ്പർ/ജൂട്ടിൽ നിർമ്മിക്കേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിന് പകരം തുണിസഞ്ചി ഉപയോഗിക്കേണ്ടതാണ്. പ്ലാസ്റ്റിക് പേനയ്ക്ക് പകരം പേപ്പർ പേന ഉപയോഗിക്കേണ്ടതാണ്. ഇൻഡെലിജിബിൾ ഇങ്ക് ബൂത്തുകളിൽ സൂക്ഷിക്കുന്നതിന് സ്റ്റീൽ ഗ്ലാസ്സുകൾ ഉപയോഗിക്കേണ്ടതാണ്.

2. **പരിശീലന കേന്ദ്രങ്ങൾ, പോളിംഗ് ബൂത്ത്, വിതരണ കേന്ദ്രം, കൗണ്ടിംഗ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ഹരിതചട്ടം പാലിക്കുന്നത് സംബന്ധിച്ച നടപടികൾ**

- മേൽ സൂചിത കേന്ദ്രങ്ങളിൽ പൂർണ്ണമായും നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുന്നതിനും ആവശ്യാനുസരണം ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനും യഥാസമയം പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിനുമായി ഹരിതകർമ്മ സേനയുടെ സേവനം കൃത്യമായി ഉപയോഗപ്പെടുത്തുന്നതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

3. **ഭക്ഷണത്തിനായി ഗ്രീൻ പാക്കിംഗ് ഉറപ്പാക്കുക**

   - പോളിംഗ് ഉദ്യോഗസ്ഥർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും, ഏജന്റുമാർക്കും തിരഞ്ഞെടുപ്പ് ചുമതല നിർവ്വഹണ സമയങ്ങളിൽ ഭക്ഷണത്തിന് പ്ലാസ്റ്റിക് പാഴ്സലുകൾ പൂർണ്ണമായും ഒഴിവാക്കി പകരം കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾ മുഖേന വാഴയിലയിലോ പുനരുപയോഗിക്കാവുന്ന പാത്രങ്ങളിലോ മാത്രം ഭക്ഷണം ലഭ്യമാക്കേണ്ടതാണ്. ഇതിനായുള്ള ക്രമീകരണ ചുമതല കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**തിരഞ്ഞെടുപ്പിന് ശേഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ**

1. **തിരഞ്ഞെടുപ്പിന് ശേഷമുള്ള സംയുക്ത ശുചീകരണവും പ്രചരണ സാമഗ്രികൾ നീക്കം ചെയ്യലും**

   - തിരഞ്ഞെടുപ്പ് പ്രചരണ പരിപാടി, പരിശീലന കേന്ദ്രങ്ങൾ, ഇലക്ഷൻ സാമഗ്രി വിതരണ-സംഭരണ കേന്ദ്രങ്ങൾ, പോളിംഗ് ബൂത്ത്, കൗണ്ടിംഗ് സ്റ്റേഷൻ, രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകൾ/ബൂത്തുകൾ, തെരുവോരങ്ങൾ, സമ്മേളന നഗരികൾ എന്നിവിടങ്ങളിൽ ഏകദിന ശുചീകരണ ഡ്രൈവ്, തിരഞ്ഞെടുപ്പിന് ശേഷമുള്ള ദിവസം സംഘടിപ്പിക്കേണ്ടതാണ്. ആയത് ജില്ലാ വരണാധികാരികളുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൂടി സഹകരണത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
   - തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ബൂത്തുകൾ വൃത്തിയാക്കി എന്നും എല്ലാത്തരം മാലിന്യവും തരംതിരിച്ച് മാറ്റി എന്നും ഉറപ്പാക്കേണ്ടതാണ്. ഇതിനായി ഹരിതകർമ്മസേനയെ ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സംവിധാനത്തിന് കൈമാറേണ്ടതാണ്.
   - തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ അന്നേദിവസം / അടുത്ത ദിവസം ബൂത്തുകൾക്ക് സമീപം ഉള്ള എല്ലാത്തരം കൊടിതോരണങ്ങൾ, നോട്ടീസുകൾ, മറ്റ് അലങ്കാരങ്ങൾ എന്നിവ നീക്കം ചെയ്തു

എന്നും ആയത് ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്തു എന്നും ഉറപ്പാക്കേണ്ടതാണ്.

2. **ബൂത്തുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും വൃത്തിയാക്കുന്നതിനും ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിക്കേണ്ടതാണ്.**

    - ഹരിത തിരഞ്ഞെടുപ്പ് ചുമതലകൾക്കായി പ്രത്യേകം നിയോഗിക്കപ്പെടുന്ന ഹരിതകർമ്മസേനയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ദിവസവേതനം നൽകപ്പെടുന്നുവെന്ന് അതാത് റിട്ടേണിംഗ് ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

3. **മറ്റ് നിർദ്ദേശങ്ങൾ**

    - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സർട്ടിഫിക്കേഷൻ ലഭിച്ച ഏജൻസികൾ മുഖേന മാത്രം ജില്ലകളിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രിന്റിംഗ് മെറ്റീരിയൽ വിതരണം നടത്തപ്പെടുന്നുവെന്ന് ജില്ലാവരണാധികാരികൾ ഉറപ്പാക്കണം. ആയതിന്റെ പരിശോധന, ഏകോപന ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ മേധാവിക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കണം.
    - തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്ന കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ സ്വാഭാവികമായി നടക്കേണ്ട മറ്റ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ എല്ലാം തന്നെ വീഴ്ച കൂടാതെ നടത്താൻ ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന ഉറപ്പ് വരുത്തേണ്ടതാണ്.

ഡോ.രത്തൻ യു കേൽകർ ഐ എ എസ്

CHIEF ELECTORAL OFFICER & SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Praneesh M P
Date: 18-03-2026 14:46:48

സെക്ഷൻ ഓഫീസർ.

പകർപ്പ്:

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും

സംസ്ഥാന പോലീസ് മേധാവി

പ്രിൻസിപ്പിൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) / (റൂറൽ)

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

എല്ലാ ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും

എല്ലാ വരണാധികാരികൾക്കും/ ഉപവരണാധികാരികൾക്കും/ എല്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

കരുതൽ ഫയൽ / ഓഫീസ് കോപ്പി(ഇ ഐ 1/6/2026-ഇലക്ഷൻ)